# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.6-875/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 31/10/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.6-875/2023 തീയ്യതി: 31/10/2023

## ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-11-2022 മുതൽ 09-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റേതു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2023 | 15-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-07-2023 | 15-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വി. ജി. സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹസിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീ. ജോസഫ് ചാക്കോ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. സാമുവൽ രാജ്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ജോമോൻ ഫ്രാൻസിസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ.കെ സജികുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. പി. സിഫി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 10-04-2022 |
| ശ്രീ. ബെൻസിലാൽ കെ.ആർ. | സെക്രട്ടറി | 11-04-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി. സിഫി | അസി. സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. ജോൺ പോൾ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 18-07-2022 |
| ശ്രീമതി. അജിത പി.കുമാരൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 19-07-2022 | 22-09-2022 |
| ശ്രീ. സുനിൽ എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 23-09-2022 | 31-03-2023 |
| ശ്രീമതി. ആഷ ശശി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. മിന്നു ജെയിംസ് | വെറ്ററിനറി സർജൻ | 01-04-2022 | 28-09-2022 |

| | | | |
|---|---|---|---|
| ശ്രീമതി. രജനി റ്റി.എസ്. (ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ) | വെറ്ററിനറി സർജൻ - ഇൻ- ചാർജ് | 29-09-2022 | 17-03-2023 |
| ഡോ. അരുൺകുമാർ എസ്.കെ. | വെറ്ററിനറി സർജൻ | 18-03-2023 | 31-03-2023 |
| ഡോ.മിലി എം, | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2022 | 31-03-2023 |
| ഡോ. ദീപ്തി ദാസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ NRHM) | 01-04-2022 | 31-03-2023 |
| ഡോ. ശ്രീജിത്ത് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം NRHM) | 01-04-2022 | 31-03-2023 |
| ശ്രീമതി. രാജിമോൾ ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ത്രേസ്യാമ്മ ചാക്കോ | എെ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. എസ്. മുരുകേശൻ | ഹെഡ്മാസ്റ്റർ | 01-04-2022 | 01-06-2022 |
| ശ്രീമതി. വിജയ എ. | ഹെഡ്മാസ്റ്റർ | 02-06-2022 | 10-10-2022 |
| ശ്രീമതി. പുഷ്പലത പി. | ഹെഡ്മാസ്റ്റർ | 11-10-2022 | 27-02-2023 |
| ശ്രീ. ശിവകുമാർ റ്റി. | ഹെഡ്മാസ്റ്റർ | 28-02-2023 | 31-03-2023 |
| ശ്രീ. ബിനാഷ് തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. സനിത് കുമാർ എൻ.റ്റി. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 04-01-2023 |
| ശ്രീ. കണ്ണൻ പി. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 05-01-2023 | 30-01-2023 |
| ശ്രീ. ജോബിൻസ് കുര്യൻ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 31-01-2023 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-1 |
| 3 | ജേർണൽ വൌച്ചറുകളെ സാധൂകരിക്കുന്ന അനുബന്ധ രേഖകൾ ഇല്ല. | 1-1-2 |
| 4 | ചെലവഴിക്കാൻ ബാക്കിയുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് തുകകളുടെ ACR സൂക്ഷിക്കുന്നില്ല- അവയുടെ നീക്കിയിരിപ്പും ബന്ധപ്പെട്ട ട്രഷറി/ബാങ്ക് അക്കൌണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ബജറ്റ് | 1-2 |
| 6 | ഗ്രാന്റ് വിനിയോഗം | 1-3 |
| 7 | സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താത്തത് | 1-3-1 |
| 8 | വികസന ഫണ്ടുകളുടെ ചെലവ് ശതമാനം 80% -ൽ കുറവ് - ₹46,77,226/- ലാപ്സായി. | 1-3-2 |
| 9 | പദ്ധതി അവലോകനം | 1-4 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 11 | ക്ഷേമ പദ്ധതികൾ | 1- 6 |
| 12 | ക്യാഷ് പരിശോധന | 1-7 |
| 13 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 14 | തനത് വരുമാനം അവലോകനം | 1-9 |
| 15 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല. | 1-10 |
| 16 | 2016-17 വർഷം മുതലുള്ള ഇ-ടെണ്ടർ ഫോറ വില ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല | 1-11 |
| 17 | ടെക്നിക്കൽ അസിസ്റ്റന്റിന്റെ ശമ്പളം- അധിക തുക പിൻവലിച്ചു | 1-12 |
| 18 | മാലിന്യ സംസ്കരണം, കുടിവെള്ളം-അവലോകനം | 1-13 |
| 19 | മാവടി ഹോമിയോ ഡിസ്പെൻസറി കെട്ടിടം പൂർത്തീകരണം- അളവു ബുക്കിൽ തെറ്റായ നിരക്കുകൾ രേഖപ്പെടുത്തി അധികം തുക അനുവദിച്ചു | 1-14 |
| 20 | അങ്കണവാടികളുടെ അറ്റകുറ്റപ്പണി-അധികം തുക നൽകി-നഷ്ടം ₹12,913/- | 1-15 |
| 21 | കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല | 1-16 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | മാവടി ഹോമിയോ ഡിസ്പെൻസറി കെട്ടിടം പൂർത്തീകരണം-അളവു ബുക്കിൽ തെറ്റായ നിരക്കുകൾ രേഖപ്പെടുത്തി അധികം തുക അനുവദിച്ചു നഷ്ടം ₹8789/- | 3-1 |
| 2 | അങ്കണവാടികളുടെ അറ്റകുറ്റപ്പണി-അധികം തുക നൽകി-നഷ്ടം ₹12,913/- | 3-2 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1 & 11.3 സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26.06.2023-ലെ 2(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 27.06.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഉടുമ്പൻചോല ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

തൊടുപുഴ
തീയതി 17.10.2023

### 1-1-1 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

മുൻകൂർ നൽകുന്നതിന്റെയും അവ ക്രമീകരിക്കുന്നതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തുന്ന മുൻകൂർ രജിസ്റ്റർ കാലികമല്ല. ബാലൻസ് ഷീറ്റ് ബി-18 -ൽ കൊടുത്തിരിക്കുന്ന മുൻകൂർ ഇനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

### 1-1-2 ജേർണൽ വൌച്ചറുകളെ സാധൂകരിക്കുന്ന അനുബന്ധ രേഖകൾ ഇല്ല.

വരവ്-ചെലവുകളുടെ അക്കൗണ്ടിംഗിൽ സംഭവിക്കുന്ന അപാകതകൾ ജേർണൽ മുഖേന ക്രമീകരിക്കുമ്പോൾ ഈ ജേർണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം രേഖകൾ സൂക്ഷിക്കുന്നില്ല.

### 1-1-3 ചെലവഴിക്കാൻ ബാക്കിയുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് തുകകളുടെ ACR സൂക്ഷിക്കുന്നില്ല- അവയുടെ നീക്കിയിരിപ്പും ബന്ധപ്പെട്ട ട്രഷറി/ബാങ്ക് അക്കൌണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

1) ബാലൻസ് ഷീറ്റിലെ ബി-4 പത്രികയിൽ പരാമർശിക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ACR സൂക്ഷിക്കുന്നില്ല. നീക്കിയിരിപ്പ് തുക ഏത് ബാങ്ക് അക്കൗണ്ടുകളിലാണ് നിക്ഷേപിച്ചിരിക്കുന്നത് എന്ന് വ്യക്തമായിട്ടില്ല.

2) ബാലൻസ് ഷീറ്റ് ബി-4 -ൽ പ്രത്യേക ഉദ്ദേശ്യഗ്രാന്റുകൾ, ഗുണഭോക്തൃവിഹിതം തുടങ്ങിയവയിൽ നീക്കിയിരിപ്പുള്ളതും ചെലവഴിക്കാൻ

അവശേഷിച്ചിരിക്കുന്നതുമായി രേഖപ്പെടുത്തിയിട്ടുള്ള വിവിധ ഫണ്ടുകളുടെ ആകെ തുക 1,08,86,499/- ആകുന്നു. എന്നാൽ പഞ്ചായത്തിന്റെ ബാങ്ക്, ട്രഷറി, ക്യാഷ് എന്നീ ഇനങ്ങളിൽ ആകെ നീക്കിയിരിപ്പ് തുക (B-17) 87,87,258/- മാത്രമാകുന്നു. ബി-4 പ്രകാരമുള്ള തുകകൾക്ക് വേണ്ടി മാറ്റിവെച്ചിരുന്ന തുകകൾ എപ്രകാരമാണ് ചെലവഴിക്കപ്പെട്ടതെന്ന് വ്യക്തമായിട്ടില്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റിന്റെ അംഗീകാരം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | ഭരണ സമിതി തീരുമാനം |
|---|---|---|
| പ്രാഥമിക ബജറ്റ് | 1 (1)/14.02.2022 | l(1)/30.03.2022 |
| പുതുക്കിയ ബജറ്റ് | 1 (1)/22.02.2023 | 4(1)/09.03.2023 |

### ബജറ്റ് പ്രതീക്ഷകൾ

| ഇനം | ബജറ്റ് പ്രതീക്ഷകൾ |
|---|---|
| മുന്നിരിപ്പ് | 1171823 |
| വരവ് | 307651000 |
| ആകെ | 308822823 |
| ചെലവ് | 307889000 |
| നീക്കിയിരിപ്പ് | 933823 |

### ബജറ്റ് പ്രതീക്ഷകളും ധനകാര്യ പത്രികയും തമ്മിലുള്ള അന്തരം

| ഇനം | ബജറ്റ് പ്രതീക്ഷകൾ | ധനകാര്യ പത്രിക പ്രകാരമുള്ള തുകകൾ |
|---|---|---|
| നികുതികൾ | 7700000 | 4264205 |
| നികുതീതര ഇനങ്ങൾ | 1751000 | 711576 |
| ഫീസുകൾ | 849000 | 574570 |
| ലേലം , വില്പനകൾ | 375000 | 461857 |
| ആകെ വരവുകൾ | 307651000 | 170309097 |
| എസ്റ്റ,. ചെലവുകൾ | 17870000 | 11863520 |
| ഭരണ ചെലവുകൾ | 2174000 | 635244 |
| ഓപ്പറേഷൻ & മെയിന്റനൻസ് ചെലവുകൾ | 2268000 | 1002283 |
| ആകെ ചെലവുകൾ | 307889000 | 164243249 |

ബജറ്റ് തയ്യാറാക്കുന്നതിൽ പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെങ്കിലും പ്രതീക്ഷിത കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ അന്തരം കാണുന്നു. യുക്തിസഹമല്ലാത്ത തുകകൾ ഉൾപ്പെടുത്താതെ ബജറ്റ് തയ്യാറാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ്/ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 17487360 | 17487360 | 10861657 | - |
| വികസന ഫണ്ട്-എസ്.സി.പി | 0 | 5543000 | 5543000 | 3228315 | - |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 1316000 | 1316000 | 709890 | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) * | 2079647 | 6108528 | 8188175 | 8326682 | 4597435 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) * | 4931107 | 19663438 | 24594545 | 19858603 | |
| സംരക്ഷണ ഗ്രാന്റ് – റോഡ് | 0 | 19879000 | 19879000 | 19879000 | - |
| സംരക്ഷണ ഗ്രാന്റ് – റോഡിതരം | 0 | 9632000 | 9632000 | 7935328 | - |

| | | | | | |
|---|---|---|---|---|---|
| ലൈബ്രറി ഗ്രാന്റ് (320100194) | 0 | 13610 | 13610 | 13610 | 0 |
| സ്വച്ഛഭാരത് അഭിയാൻ 320100174 | 0 | 381 | 381 | 0 | 381 |
| ടോട്ടൽ സാനിറ്റേഷൻ (320100181) | 12138 | 0 | 12138 | 12138 | 0 |
| ഐ.സി.ഡി.എസ് (320100196) | 1494946 | 1179776 | 2674722 | 2500 | 2672222 |
| ഹെൽത്ത് ഗ്രാന്റ് -അടിസ്ഥാന വികസനം 320100202 | 0 | 267532 | 267532 | 228254 | 39278 |
| ഹെൽത്ത് ഗ്രാന്റ് - പുനക്രമീകരണം (320100204) | 0 | 136510 | 136510 | 134951 | 1559 |
| കേരളോത്സവം (320100199) | 16600 | 0 | 16600 | 16600 | 0 |
| ടോയിലറ്റ് മെയിന്റനൻസ് (320300103) | 72210 | 0 | 72210 | 72210 | 0 |
| ഗ്രാന്റ് (320300199) | 483000 | 0 | 483000 | 0 | 483000 |
| സംയുക്ത പദ്ധതി – ബ്ലോക്ക്ഞ്ചായത്ത് വിഹിതം (320700104) | 500000 | 0 | 500000 | 350099 | 149901 |
| സംയുക്ത പദ്ധതി– ബ്ലോക്ക്പഞ്ചായത്ത് വിഹിതം (320700204) | 1419700 | 0 | 1419700 | 1275322 | 144378 |
| ഗ്രാന്റ് (320800199) | 221450 | 0 | 221450 | 0 | 221450 |
| സംയുക്ത പദ്ധതി – ജില്ലാപഞ്ചായത്ത് വിഹിതം (320700205) | 2400000 | 0 | 2400000 | 0 | 2400000 |
| സംയുക്ത പദ്ധതി – ജില്ലാ പഞ്ചായത്ത് വിഹിതം (320700405) | 21250 | 0 | 21250 | 0 | 21250 |
| ശുചിത്വ മിഷൻ ഗ്രാന്റ് (320100198) | 131139 | 179790 | 310929 | 310929 | 0 |
| സാക്ഷരത ഗ്രാന്റ് (320100197) | 0 | 137509 | 137509 | 137509 | 0 |

* ബാലൻസ് ഷീറ്റിലെ (B-4) ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് നീക്കിയിരിപ്പ് തുക ₹4735942/-, അൺടൈഡ് ₹(-)138507/- ആകുന്നു. ഈ ഇനങ്ങളിലെ വരവ് ചെലവുകൾ ഹെഡ് മാറി പോസ്റ്റ് ചെയ്യുന്നതുമൂലം തെറ്റായ തുകയാണ് ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നത്. ഈ രണ്ട് ഹെഡിലേയും ആകെ നീക്കിയിരിപ്പ് ₹4597435/- ആകുന്നു. ഇത് ബാങ്ക് നീക്കിയിരിപ്പുമായി (ഫെഡറൽ ബാങ്ക് അക്കൗണ്ട് നം.10180100279668) പൊരുത്തപ്പെടുന്നുണ്ട്. ആയതിനാൽ രണ്ട് ഹെഡിലേയും ആകെ നീക്കിയിരിപ്പ് തുക രേഖപ്പെടുത്തിയിരിക്കുന്നു.

1-3-1 സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താത്തത്

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും, വാർഷിക കണക്കിലും (റെസിപ്റ്റ് & പേയ്മെന്റ്) വരവ്-ചെലവ് വിവരങ്ങൾ ചേർത്തിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള തുകകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | സർക്കാർ ഉത്തരവ് നം. | ആകെ ലഭിച്ച ഫണ്ട് | അങ്കണവാടി ഹോണറേറിയം കുറവ് ചെയ്തത് | ലൈഫ് ലോണിനത്തിൽ കുറവ് ചെയ്തത് | ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയ ഫണ്ട് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | സ.ഉ.(സാധാ) നം.1049/2023/ധന. /13.2.23 | 4512360 | 365000 | 2713498 | 1433862 |
| | സ.ഉ.(സാധാ) നം. 2839/2022/ധന./8.4.22 | 8286000 | 365000 | 0 | 7921000 |
| | സ.ഉ.(സാധാ) നം.6872/2022/ധന. /12.10.22 | 4689000 | 365000 | 2713497 | 1610503 |
| വികസനഫണ്ട് (SCP) | സ.ഉ.(സാധാ) നം.6872/2022/ധന. /12.10.22 | 1849500 | 0 | 231082 | 1618418 |
| വികസനഫണ്ട് (TSP) | സ.ഉ.(സാധാ) നം.6872/2022/ധന. /12.10.22 | 438500 | 0 | 275963 | 162537 |

1-3-2 വികസന ഫണ്ടുകളുടെ ചെലവ് ശതമാനം 80% -ൽ കുറവ് - ₹46,77,226/- ലാപ്സായി.

15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ടുകളിൽ 80%-ൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷത്തേക്ക് ക്യാരി ഓവർ ചെയ്യുകയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹46,77,226/- ലാപ്സായി.

| ഫണ്ടിനം | അലോട്ട്മെന്റ് (₹) | ചെലവ് (₹) | ചെലവ്% | ക്യാരി ഓവറായി ലഭിക്കുന്ന തുക | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 1,74,87,360 | 1,08,61,657 | 62.11 | 34,97,472.00 | 31,28,231 |
| വികസന ഫണ്ട്-എസ്.സി.പി | 55,43,000 | 32,28,315 | 58.24 | 11,08,600.00 | 12,06,085 |
| വികസന ഫണ്ട്-ടി.എസ്.പി | 13,16,000 | 7,09,890 | 53.94 | 2,63,200.00 | 3,42,910 |
| ആകെ | | | | 48,69,272 | 46,77,226 |

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന ഫണ്ടുകൾ പൂർണ്ണമായും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷം ഉത്തരവ് നം.677/22/DPC/DPO/IDK/25.04.2022 പ്രകാരം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികൾ | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയ പദ്ധതികൾ | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|
| 229 | 142974567 | 188 | 77566784 | 41 | 82.10 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 36 | 27 | 16618911 | 11483179 | 69.10 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 129 | 103 | 50193674 | 38528694 | 76.76 |
| കൃഷി ഓഫീസർ | 5 | 5 | 4221225 | 3886475 | 92.07 |
| വെറ്ററിനറി സർജൻ | 6 | 6 | 1149783 | 1116183 | 97.08 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 12 | 12 | 3044947 | 2861747 | 93.98 |
| വി.ഇ.ഒ. | 17 | 13 | 56852616 | 11424200 | 20.09 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 9 | 6195000 | 5505970 | 88.88 |
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി. സ്കൂൾ | 5 | 4 | 1137000 | 932820 | 82.04 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1400000 | 808407 | 57.74 |
| അസി. സെക്രട്ടറി | 7 | 6 | 2141411 | 1015711 | 47.43 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 20000 | 3398 | 16.99 |
| ആകെ | 229 | 188 | 142974567 | 77566784 | 54.25 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 154887 | 3289857 | 3444744 | 3441235 | 3509 |
| തൊഴിലാളികളുടെ കൂലി | 0 | 44715618 | 44715618 | 44715618 | 0 |
| മെറ്റീരിയൽ വാങ്ങിയത് | 0 | 13678078 | 13678078 | 13678078 | 0 |

## 1- 6 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 36800 | 4 |
| വിധവാ പെൻഷൻ | 5852800 | 552 |
| വാർദ്ധക്യ കാല പെൻഷൻ | 16708200 | 1563 |
| വികലാംഗ പെൻഷൻ | 1279400 | 120 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 104000 | 9 |

## 1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.07.2023-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹18051/-യുടെ (പതിനെണ്ണായിരത്തി അൻപത്തിയൊന്ന് രൂപ മാത്രം) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1. ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്.

2. മിനിട്സ് ബുക്കുകൾ, ബിൽ രജിസ്റ്റർ, വൗച്ചറുകൾ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. നിക്ഷേപ രജിസ്റ്റർ, മൂൻകൂർ രജിസ്ററർ, എന്നിവ കാലികമായ രേഖപ്പെടുത്തലുകളോടെ തയ്യാറാക്കിയിട്ടില്ല. ജവഹർ ഭവന പദ്ധതി വായ്പാ രജിസ്റ്റർ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത രജിസ്റ്ററിലെ വിവരങ്ങൾ ബാങ്ക് ലഭ്യമാക്കിയ മുതൽ-കടവിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ലൈഫിനുവേണ്ടി സ്വീകരിച്ച വായ്പയുടെ യാതൊരു വിവരവും ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. വി.ഇ.ഒ ലഭ്യമാക്കിയ വിശദാംശങ്ങൾ ആസ്പദമാക്കിയാണ് പ്രസ്തുത വിവരങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വായ്പ സ്വീകരണം- പ്രോജക്ട് നിർവഹണം എന്നിവ സംബന്ധിച്ച ഗൗരവമേറിയ പരാമർശങ്ങൾ മുൻറിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടും കണക്കുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കാത്ത നടപടി ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.
3. അതത് മാസങ്ങളിലെ വരവ് -ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്.
4. ILGMS സോഫ്റ്റ് വെയറിലൂടെയുള്ള ഭരണനിർവഹണത്തിൽ പുരോഗതിയുണ്ട്.
5. മൊബൈൽ ടവറുകളുടെയും വാണിജ്യ സ്ഥാപനങ്ങളുടെയും വസ്തുനികുതി ഒഴികെയുള്ള റവന്യൂ ഡിമാന്റ് തുകകൾ ഏതാണ്ട് പൂർണമായും പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ വസ്തു നികുതിയിലെ വൻകുടിശ്ശിക (₹19.5 ലക്ഷം) വികസന ഗ്രാന്റിനത്തിൽ തൻവർഷവും തുടർന്നുള്ള വർഷവും കുറവ് വരുന്നതിന് കാരണമായിട്ടുണ്ട്.
6. വരവുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.
7. വാഹനങ്ങളുടെ സൂക്ഷിപ്പിൽ ചട്ടങ്ങൾ പാലിക്കുന്നുണ്ട്. ലോഗ് ബുക്കുകളിൽ ഇന്ധനം നിറയ്ക്കൽ, ഉപഭോഗം, പ്രതിമാസ ക്ലോസിംഗ്, അറ്റകുറ്റപ്പണികൾ തുടങ്ങിയ വിവരങ്ങൾ കാലികമായി രേഖപ്പെടുത്തുന്നു.
8. സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ചു സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല.
9. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സംഘടിപ്പിക്കപ്പെട്ട ഓഡിറ്റ് അദാലത്തിനോട് ക്രിയാത്മകമായി പ്രതികരിച്ചതിനാൽ മുൻ വർഷങ്ങളിലെ ബഹു ഭൂരിപക്ഷം ഓഡിറ്റ് പരാമർശങ്ങളും തീർപ്പാക്കാൻ കഴിഞ്ഞത് മികച്ച നേട്ടമാണ്.
10. വാർഷിക പദ്ധതി നിർവഹണത്തിൽ പുരോഗതി കൈവരിച്ചിട്ടുണ്ട്. ആകെയുള്ള 229 പ്രോജക്ടുകളിൽ 188 എണ്ണം നടപ്പാക്കി.
11. ആസ്തി പരിപാലന ഗ്രാന്റ് റോഡിതര വിഭാഗത്തിലെ ചെലവ് 45% മാത്രമാകയാൽ 35% ഫണ്ട് നഷ്ടപ്പെടുന്നതിന് കാരണമായി. ഇതര ഗ്രാന്റുകളുടെ വിനിയോഗത്തിൽ പുരോഗതി കൈവരിച്ചിട്ടുണ്ട്.
12. നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞു.
13. വാങ്ങലുകളിൽ പ്രൊക്യൂവർമെന്റ് കമ്മിറ്റി മേൽനോട്ടം വഹിക്കുന്നു.
14. പ്രോജക്ടുകളുടെ കാര്യക്ഷമമായ പൂർത്തീകരണം വിലയിരുത്തുന്ന സമിതി റിപ്പോർട്ടുകൾ ഫയലുകൾക്കൊപ്പം സൂക്ഷിച്ചിട്ടില്ല.
15. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിലും മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിലും കാര്യക്ഷമത കൈവരിച്ചിട്ടുണ്ട്.
16. വാർഷിക കണക്കുകൾ കൃത്യമായി ക്രോഡീകരിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. പല അക്കൗണ്ടിംഗ് രീതികളും കൃത്യമായി പാലിക്കാതിരുന്നതിനാൽ കണക്കുകളുടെ സമഗ്രതയും കൃത്യതയും ഭംഗം വന്നിട്ടുണ്ട്.

അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-9 തനത് വരുമാനം അവലോകനം

### ഇൻസെന്റീവ് ഗ്രാന്റ്

ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തത് പ്രകാരം തനത് വരുമാനം (നികുതി നികുതിയേതര വരുമാനം) വർദ്ധിപ്പിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും 2021-22 സാമ്പത്തിക വർഷം മുതൽ ഇൻസെന്റീവ് ഗ്രാന്റ് നൽകി വരുന്നുണ്ട്. സംസ്ഥാന ബജറ്റിൽ വികസന ഫണ്ടിന്റെ ഭാഗമായി നീക്കിവെയ്ക്കുന്ന പൊതു വിഭാഗം സാധാരണ വിഹിതം വിഭജിച്ച് നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ തനത് വരുമാന വർദ്ധനവിന് 15 ശതമാനം വെയിറ്റേജ് ആണ് നൽകിയിട്ടുള്ളത്. അതുകാരണം തനത് വരുമാനം വർധിപ്പിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും തനത് വരുമാന വർദ്ധനവിന് ആനുപാതികമായി കൂടുതൽ വിഹിതം ലഭിക്കും. ഇൻസെന്റീവ് ഗ്രാന്റിൽ നിന്നും പരമാവധി വിഹിതം നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ തനത് വരുമാനം (Own Source (Revenue) വർദ്ധിപ്പിക്കുവാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ യോഗങ്ങളിൽ ഒന്നും തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, തനത് വരുമാനം വർധിപ്പിക്കുന്നതിലേക്കായി ഭരണ സമിതിക്ക് ശുപാർശകൾ നൽകുകയോ ചെയ്തിട്ടില്ല. തനത് വരുമാനം കുറഞ്ഞ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിലേക്കുള്ള മാർഗ്ഗങ്ങളെപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും പ്രസ്തുത മാർഗ്ഗങ്ങൾ ഭരണസമിതിയിൽ അവതരിപ്പിച്ച നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

പഞ്ചായത്ത് സെക്രട്ടറി ഓരോ മാസവും പ്രതിമാസ അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പഞ്ചായത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ കണക്കുകൾ പരിശോധിച്ച് ശുപാർശകൾ സഹിതം തൊട്ടടുത്ത് ചേരുന്ന ഭരണസമിതി യോഗത്തിൽ വയ്ക്കേണ്ടതാണ് (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം (60) .

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

• വിഭവസമാഹരണത്തിന്റെ വിവിധ ഭാഗങ്ങൾ, തലങ്ങൾ, പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉദ്യോഗസ്ഥർ നിർവ്വഹിക്കേണ്ട കടമകൾ നിർവ്വഹിക്കുന്നുണ്ടോ എന്ന പരിശോധിക്കണം

• വിഭവസമാഹരണത്തിലെ ചോർച്ച ഒഴിവാക്കാനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ നല്കണം

• കെട്ടിടങ്ങളുടേയും ഭൂമികളുടേയും സമ്പൂർണ്ണലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപനങ്ങളുടെ പട്ടിക എന്നിവ തയ്യാറാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

വിവിധ വരവിനങ്ങൾ

1) തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് പരിപാലിക്കുന്നില്ല. മുൻവർഷത്തെ രജിസ്റ്റർ അടിസ്ഥാനമാക്കിയാണ് ഓരോ വർഷവും തൊഴിൽ നികുതി ഈടാക്കുന്നത്. തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായവരുടെ ഡാറ്റാബേസ് തയാറാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതും, ഡിമാൻഡ് നോട്ടീസ് നൽകി നികുതി കാലികമായി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി. എസ്.)എ 9-764/2019 നമ്പർ ഉത്തരവ് അനുസരിച്ച് റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസിൽ നിന്നും ഒഴിവാക്കിയിട്ടില്ല. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ഓഡിറ്റ് വർഷം ലൈസൻസ് അനുവദിച്ച നൽകിയിട്ടില്ല.

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ ആവശ്യമെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുകയോ സ്ഥാപനത്തിന്റെ ടേൺ ഓവർ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. ആയതിനാൽ സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കുന്നതിനോ ലൈസൻസ് ഫീസ് നിർണ്ണയിക്കുന്നതിനോ സാധിക്കുന്നില്ല.

3) വസ്തു നികുതി

ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലവിലിരിക്കുന്ന അടിസ്ഥാന നികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്ത കൂടിയതും കുറഞ്ഞതുമായ പരിധിക്ക് വിധേയമായി 01/04/2011 പ്രാബല്യത്തിൽ നിലവിൽ വന്നിട്ടുള്ളതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203 -ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം ഓരോ 5 വർഷക്കാലയളവിലേക്കും പ്രാബല്യത്തിൽ വരുത്തേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് 01/04/2023 തീയതി മുതൽ തുടങ്ങുന്ന 5 വർഷക്കാലയളവിൽ ഓരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപവിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തു നികുതി നിരക്കുകളുടെ കൂടിയതും, കുറഞ്ഞതുമായ

നിരക്കുകൾ 05/04/2013 ലെ സ.ഉ. (അച്ചടി) 5/2023/LSD നമ്പർ വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ പുതുക്കിയ നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കുന്നതിനായി മേഖലകൾ തിരിച്ച് വിജ്ഞാപനം നടത്തിയിട്ടുണ്ടെങ്കിലും നിരക്ക് നിർണ്ണയിക്കുന്നതിനോ ഉപയോഗക്രമത്തിലുള്ള മാറ്റം കണ്ടെത്തുന്നതിനോ ഉള്ള നടപടികളൊന്നും ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല.
സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി നേതൃത്വം നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവത്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ചു നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കേണ്ടതുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഞ്ചയ ഡാറ്റാ ബേസിലുള്ള കെട്ടിടങ്ങളുടെ വിവരം അനുയോജ്യമായ സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ഫീൽഡ് പരിശോധനയിലൂടെ കൃത്യമാക്കേണ്ടതാണ്. അതിനെത്തുടർന്ന് നികുതി നിർണ്ണയിക്കപ്പെടാത്തതോ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ വ്യത്യാസമുള്ളതോ ആയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ പുനർ നിർണ്ണയിക്കുകയോ ചെയ്യേണ്ടതാണ്.

1-10 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല.

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഇന്ത്യൻ കാർഡമം റിസേർച്ച് സെന്ററിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ, ബി.എസ്.എൻ.എൽ മൊബൈൽ ടവറുകൾ എന്നിവയിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല. ഇന്ത്യൻ കാർഡമം റിസേർച്ച് സെന്ററുമായി വസ്തു നികുതി സംബന്ധിച്ച് കോടതി കേസ് നിലവിലുള്ളതിനാലാണ് നികുതി ഈടാക്കാത്തതെന്ന് ഫയലുകൾ പരിശോധിച്ചതിൽ വ്യക്തമായി. കോടതി കേസുകൾ അവസാനിക്കുന്ന മുറയ്ക്ക് വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ബി.എസ്.എൻ.എൽ-ന്റെ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

1-11 2016-17 വർഷം മുതലുള്ള ഇ-ടെണ്ടർ ഫോറ വില ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.04.2015-ലെ ജി.ഒ(പി)1288/15 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വില ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിൽ 2015-16 മുതൽ 2023-24 സാമ്പത്തിക വർഷം വരെയുള്ള ഇ-ടെൻഡർ ടെണ്ടർ ഫോം വില ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കാലയളവ് | തുക( ₹) |
|---|---|
| 2023-24 | 16190 |
| 2022-23 | 59930 |
| 2021-22 | 84790 |
| 2020-21 | 164566 |
| 2019-20 | 85497 |
| 2018-19 | 158280 |
| 2017-18 | 153377 |
| 2016-17 | 9000 |
| 2015-16 | 101450 |
| ആകെ | 8,33,080/- |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

### 1-12 ടെക്നിക്കൽ അസിസ്റ്റന്റിന്റെ ശമ്പളം- അധിക തുക പിൻവലിച്ചു

ഗ്രാമപഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റിന്റെ 2022 ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ, 2023 ജനവരി എന്നീ മാസങ്ങളിലെ ശമ്പളം തനത്ഫണ്ടിൽ നിന്നുമാണ് അനുവദിച്ചു നൽകിയിട്ടുള്ളത്. പ്രസ്തുത തുക ശമ്പളമിനത്തിൽ ചെലവഴിച്ച ₹185970/- BRN22100452013101131702/3-2-2023 നമ്പർ ബിൽപ്രകാരം പിൻവലിച്ച് തനത്ഫണ്ടിലേക്ക് തിരികെ ക്രമീകരിച്ചിട്ടുണ്ട്. 2022 ഓഗസ്റ്റ് മാസം വരെ പ്രസ്തുത ഇനത്തിൽ ചെലവായ തുക (₹152975/-) BRN22100452013100449017, 23.08.22 പ്രകാരം മുൻപ് തന്നെ ക്രമീകരിച്ചിരുന്നതാണ്. ടെക്നിക്കൽ അസിസ്റ്റന്റിന്റെ 2022 ഓഗസ്റ്റ് മാസത്തെ ശമ്പളം (₹30995/-) രണ്ടുതവണ പിൻവലിച്ച് തനത്ഫണ്ടിൽ നിക്ഷേപിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.4/തീ.11-7-23) മറുപടി ലഭ്യമാക്കി. നടപ്പു സാമ്പത്തികവർഷം സമാന ആവശ്യത്തിന് ആവിഷ്കരിച്ചിട്ടുള്ള പ്രോജക്ടിൽ പ്രസ്തുത തുക കുറവു ചെയ്ത ശേഷമുള്ള തുകയാണ് ക്രമീകരണത്തിനായി വകയിരുത്തിയിട്ടുള്ളതെന്ന് മറുപടിയിൽ വിശദമാക്കിയിട്ടുള്ളത്. ഈ വിഷയത്തിലെ തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 1-13 മാലിന്യ സംസ്കരണം, കുടിവെള്ളം-അവലോകനം

മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ളം എന്നീ മേഖലകളിൽ സുസ്ഥിര വികസനലക്ഷ്യങ്ങൾ സ്വായത്തമാക്കുന്നതിനായി മികച്ച ചുവടുവെയ്പുകൾ നടത്തിയിട്ടുണ്ടെങ്കിലും പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് വിപുലപ്പെടുത്തണമെന്നാണ് നിലവിലെ അവസ്ഥ വ്യക്തമാക്കുന്നത്. സുസ്ഥിര വികസനലക്ഷ്യങ്ങൾ നേടിയെടുക്കുന്ന കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് 10 തീമുകളും 17 ലക്ഷ്യങ്ങളുമായി സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിശ്ചയിച്ച് 'കില' (KILA) തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ് വെയറിൽ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവരശേഖരണം നടത്തി വിവരങ്ങൾ രേഖപ്പെടുത്തുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. പരിശോധനാ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മാലിന്യ നിർമ്മാർജ്ജനം

84 ചതുരശ്രകിലോമീറ്റർ വിസ്തീർണമുള്ള ഗ്രാമപഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും തോട്ടം മേഖലയാണ്. 6453 വീടുകളുള്ളതിൽ എസ്റ്റേറ്റുകളിലെ ലയങ്ങളും ഉൾപ്പെടുന്നു. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് പദ്ധതി വിഹിതം, ശുചിത്വമിഷൻ ഫണ്ട്, തൊഴിലുറപ്പുപദ്ധതിഫണ്ട് എന്നിവ വിനിയോഗിച്ച് വിവിധ പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു. ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിൽ വാതിൽപടി പ്ലാസ്റ്റിക് മാലിന്യ ശേഖരണത്തിനായി 2021-ൽ ഹരിതകർമ്മസേന രൂപീകരിക്കുകയും, 14 വാർഡുകളിലെ മാലിന്യ സംഭരണത്തിനായി 14 പേരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

സ്ഥാപനങ്ങളിലെയും, വീടുകളിലെയും മാലിന്യങ്ങൾ മാസത്തിലൊരിക്കലാണ് ഹരിതകർമ്മസേന മുഖേന സംഭരിക്കുന്നത്. ഇതിനായി പ്രവർത്തന കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. വീടുകളിൽ നിന്നും ₹50/- നിരക്കിലും സ്ഥാപനങ്ങളിൽ നിന്നും ₹100/- നിരക്കിലും ഉപഭോക്തൃ ഫീസായി ഈടാക്കുന്നു. ഉടുമ്പൻചോല സർവ്വീസ് സഹകരണബാങ്കിന്റെ ഉടുമ്പൻചോല ശാഖയിലുള്ള 12000007130 നമ്പർ അക്കൗണ്ടിലൂടെയാണ്

ഹരിതകർമ്മ സേനയുടെ പണമിടപാടുകൾ നടക്കുന്നത്. മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്കായി പഞ്ചായത്തിൽ ഒരു MCF പ്രവർത്തിക്കുന്നുണ്ട്. വാർഡ് തലത്തിൽ 10 മിനി എം.സി.എഫുകളും പ്രവർത്തിക്കുന്നു. എം.സി.എഫിൽ എത്തുന്ന അജൈവമാലിന്യങ്ങൾ തരംതിരിക്കുകയും, പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിന് കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. തരംതിരിച്ച പ്ലാസ്റ്റിക്കിതര മാലിന്യങ്ങൾ വിൽപ്പന നടത്തുന്നുണ്ടെങ്കിലും അവ ക്ലീൻ കേരള കമ്പനി ഏറ്റെടുക്കുന്ന പ്രവർത്തനം സമയബന്ധിതമായി നടക്കുന്നില്ല. തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണപ്ലാന്റ് മൂന്നെണ്ണം പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനക്ഷമമല്ല. ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നില്ല. നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പിടിച്ചെടുക്കുന്നതിനുവേണ്ടി സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുകയും, നോട്ടീസുകൾ നൽകുകയും ഫൈൻ ഈടാക്കുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ പ്രധാനനിരത്തുകളുടെ പാർശ്വങ്ങളിൽ നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾ മഴക്കാലപൂർവ്വശുചീകരണത്തിലൂടെയും, മറ്റ് പദ്ധതികൾ ആവിഷ്കരിച്ചും ഒഴിവാക്കുന്നുണ്ട്.

അജൈവമാലിന്യ ശേഖരണത്തിൽ പുതിയ സാങ്കേതിക വിദ്യയുടെ പ്രയോജനങ്ങൾ സാധ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ ഹരിതമിത്രം ആപ്പ് വിന്യസിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായും പ്രവർത്തനസജ്ജമായിട്ടില്ല. ഇതിനായി 2022-23 സാമ്പത്തിക വർഷം സ്മാർട്ട് ഗാബേജ് ആപ്പ് പ്രൊജക്ട് ആവിഷ്കരിക്കുകയും (എസ്40/23) ആറുമാസത്തേയ്ക്കുള്ള സർവ്വീസ്ചാർജ്, ഗുണഭോക്താക്കൾക്ക് എസ്.എം.എസ് അയക്കുന്നതിനുള്ള തുക, QRകോഡ് പതിക്കുന്നതിനുള്ള തുക, ലാപ്ടോപ്പിന്റെ വില എന്നിവയടക്കം 204900/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. QR കോഡ് പതിക്കുന്ന ജോലി പൂർണ്ണമാകാത്തതിനാൽ ഗുണഭോക്താക്കൾക്ക് എസ്.എം.എസ്. നൽകുന്നതിന് സാധിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ ജൈവമാലിന്യങ്ങൾ സംഭരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നിലവിൽ ആരംഭിച്ചിട്ടില്ല. ഉറവിടത്തിൽതന്നെ മാലിന്യ സംസ്കരണത്തിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഉറവിട ജൈവമാലിന്യ സംസ്കരണം ലക്ഷ്യമാക്കി 2022-23 വർഷം 86 ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റുകൾ നൽകുന്നതിനായി ഗുണഭോക്തൃവിഹിതമുൾപ്പെടെ 309600/-രൂപ ചെലവഴിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലൂടെ കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി 13 സോക്ക്പിറ്റുകളും, 41 കമ്പോസ്റ്റ് പിറ്റുകളും സ്ഥാപിക്കുന്നതിന് 326900/-രൂപ ചെലവഴിച്ചിട്ടുണ്ട്. ജൈവമാലിന്യങ്ങൾ വളർത്തുമൃഗങ്ങൾക്ക് ഭക്ഷണമായും ഉപയോഗിക്കുന്നു. വിവിധ കമ്പോസ്റ്റ് പിറ്റുകൾ മുഖേന ജൈവമാലിന്യ സംസ്കരണത്തിന് പഞ്ചായത്ത് പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പാക്കുന്നുണ്ടെങ്കിലും പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല.

കുടിവെള്ളം

കുടിവെള്ള ആവശ്യത്തിനായി ഗ്രാമപഞ്ചായത്തിൽ സ്വകാര്യമേഖലയിൽ 780 തുറന്ന കിണറുകളും, പൊതുവായി 20 എണ്ണവും, സ്വകാര്യമേഖലയിൽ 210 കുഴൽകിണറും, പൊതുവായി 15 എണ്ണവും, പൊതുടാപ്പുകൾ 5 എണ്ണവും ഉപയോഗിക്കുന്നു. ഇതേ ആവശ്യത്തിനായി 2022-23 വർഷം ഗ്രാമപഞ്ചായത്ത് 39 പ്രൊജക്ടുകൾ ആവിഷ്കരിക്കുകയും, 29 എണ്ണം നടപ്പാക്കുകയും ചെയ്തു. കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി തൊഴിലുറപ്പ് പദ്ധതി മുഖേന ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി 212 മഴനീർക്കുഴികൾ, 13 കിണറുകൾ, 3 കുളങ്ങൾ 18 പടുതാക്കുളങ്ങൾ, 35 ഓപ്പൺ ടാങ്കുകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. വിവിധ വർഷങ്ങളിലായി ഗ്രാമപഞ്ചായത്ത് അനവധി പ്രൊജക്ട് ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും എല്ലാ ഗുണഭോക്താക്കൾക്കും കുടിവെള്ളമെത്തിക്കുക എന്ന ലക്ഷ്യം ഇനിയും കൈവരിക്കാൻ സാധിച്ചിട്ടില്ല.

കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി തൊഴിലുറപ്പ് പദ്ധതി മുഖേന തോട് വൃത്തിയാക്കുന്ന 204 പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. എന്നിരുന്നാലും കുടിവെള്ള സ്രോതസ്സുകൾ പൂർണ്ണമായും മാലിന്യമുക്തമാക്കാൻ സാധിച്ചിട്ടില്ല. തോട്ടം മേഖലയായതിനാൽ കൃഷിക്കുപയോഗിക്കുന്ന രാസവളങ്ങളിലെ വിഷപദാർത്ഥങ്ങൾ ജനങ്ങൾ ഉപയോഗിക്കുന്ന അരുവികളിലും, കിണറുകളിലും മറ്റ് ജലാശയങ്ങളിലും എത്തുന്നതിനും അത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു. ഇതു സംബന്ധിച്ച് പ്രതിവിധികൾ കണ്ടെത്തുകയും, ജനങ്ങളെ ബോധവത്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

1-14 മാവടി ഹോമിയോ ഡിസ്പെൻസറി കെട്ടിടം പൂർത്തീകരണം- അളവു ബുക്കിൽ തെറ്റായ നിരക്കുകൾ രേഖപ്പെടുത്തി അധികം തുക അനുവദിച്ചു

| | |
|---|---|
| പ്രൊജക്ട്/നം | മാവടി ഹോമിയോ ഡിസ്പെൻസറി കെട്ടിടം പൂർത്തീകരണം 56/22-23 |
| അളവ് ബുക്ക് നം. | 125/21-22 |
| കരാറുകാരൻ | ഉടുമ്പൻചോല ലേബർ കോൺട്രാക്ട് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| കരാർ നം | 74/AE/LSGD/UGP/19-20 30.1.2020 |

| | |
|---|---|
| അടങ്കൽ തുക | ₹600000/- (C.F.C.GRANT) |
| പാർട്ട് ബിൽ റഫറൻസ് നം./തീ/തുക | 22100452013300563493 *22.09.2022* ₹ 104500- |

മാവടി ഹോമിയോ ഡിസ്പെൻസറി കെട്ടിടം പൂർത്തീകരണത്തിനായി തയ്യാറാക്കിയതാണ് ഈ പദ്ധതി. 2020-21-ൽ ആരംഭിച്ച ഈ പദ്ധതി നാളിതുവരെ പൂർത്തികരിച്ചിട്ടില്ല. അളവ് ബുക്കിൽ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ 6.mm സിമന്റ് പ്ലാസ്റ്ററിംഗ് പ്രവൃത്തിക്ക് അനുവദനീയമായതിലും ഉയർന്ന നിരക്ക് രേഖപ്പെടുത്തിയതുമൂലം കരാറുകാരന് അധികം തുക നൽകി. അളവ് ബുക്കിൽ പേജ് നമ്പർ 24-ൽ 1:3 6.mm സിമന്റ് പ്ലാസ്റ്ററിംഗ് നടത്തിയതിന് 248.288$m^2$ - ന് എസ്റ്റിമേറ്റ് ₹180/- നിരക്ക് കാണിച്ചിരുന്നുവെങ്കിലും (248.288$m^2$x180=44692) ആകെ തുക കൂട്ടി നൽകിയപ്പോൾ ₹52140/- ആണ് അനുവദിച്ച് നൽകിയത്. വിശദമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അളവ് ബുക്കിലെ ഇനം നം/പേജ് നം. | നൽകാവുന്ന തുക ₹ | നൽകിയ തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|
| Building5. പേജ് നം.24 (അളവ് രേഖപ്പെടുത്തിയത്) 6mm Cement Plaster Of Mix 1:3 | 248.288 $M^2$ 248.288x180 =44691.84 | പേജ് നം.49 (ബിൽ തയ്യാറാക്കിയത്) 248.288 $M^2$ 248.288x210 =52140.48 | 7448.64 |
| ആകെ അധികം നൽകിയത് | | | 7448,64 18% ജി.എസ്.ടി 13.40.75 ആകെ ₹8789/- |

അധികം നൽകിയ തുക ₹8789/- കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം പദ്ധതി നടപ്പാക്കിയ അസി.എഞ്ചിനീയർ, ഉപരിപരിശോധന നടത്തിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാദ്ധ്യതയായി നിർണ്ണയിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

1-15 അങ്കണവാടികളുടെ അറ്റകുറ്റപ്പണി-അധികം തുക നൽകി-നഷ്ടം ₹12,913/-

| | |
|---|---|
| പ്രോജക്ട് | അങ്കണവാടികളുടെ അറ്റകുറ്റപ്പണി- പ്രോജക്ട് നമ്പർ 36/22-23 |
| അളവ് ബുക്ക് നമ്പർ | 230, 232/22-23 |
| കരാറുകാരൻ | ജൂബിൻ.കെ.ജെ |
| കരാർ നമ്പർ | 89/AE/LSGD/UGP/21-22/17.03.2022 |
| അടങ്കൽ തുക | ₹1500000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ബിൽ റഫറൻസ് നമ്പർ/തീയതി/തുക | 22100452013300563496/22.09.2022, ₹638780/- 22100452013300054868/27.04.2022, ₹836173/- |

അങ്കണവാടികളിൽ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് പ്രവൃത്തിക്കുള്ള (Builtup ) നിരക്ക് നൽകി

താഴെ പറയുന്ന സ്റ്റീൽ പ്രവൃത്തികൾക്ക് പർലിന് 50.10.2 പ്രകാരമുള്ള (Steel Work For Purlin/single Section With G I Pipes Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer, Including Welding And Bolted With Special Shaped Washers Etc. Complete)ന്റെ ₹159/- (അടിസ്ഥാന നിരക്ക് ₹112.35, കോസ്റ്റ് ഇൻഡക്സ് ₹46.65 (41.53%)) ഉം സ്റ്റെയർ കേസിന് 10.26.2 പ്രകാരമുള്ള Providing And Fixing Hand Rail Of Approved Size By Welding Etc. To Steel Ladder Railing, Balcony Railing, Staircase Railing And Similar Works, Including Applying Priming Coat Of Approves Steel Primer ന്റെ ₹169.76/- (അടിസ്ഥാന നിരക്ക് ₹119.95, കോസ്റ്റ് ഇൻഡക്സ് ₹49.81 (41.53%)) ഉം

നൽകണമെന്നിരിക്കെ പർലിനും സ്റ്റെയർ കേസിനും 10.16.1 പ്രകാരമുള്ള (Steel Work In Built Up Tubular (Round, Square Or Rectangular Hollow Tubes Etc.) Trusses Etc., Including Cutting, Hoisting, Fixing Position And Applying A Priming Coat Of Approved Steel Primer, Including Welding And Bolted With Special Shaped Washers Etc. Complete) ₹176/കിലോ ഗ്രാം എന്ന നിരക്കാണ് നൽകിയിരിക്കുന്നത്. (അളവ് ബുക്ക് നം.232/21-22, പേജ് നം.30, ഇനം1.1)

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | നൽകിയ നിരക്ക് ₹ | നൽകേണ്ട നിരക്ക്₹ | അധികം നൽകിയ നിരക്ക് ₹ | അധിക തുകയുടെ ബാധകമായ GST 10% | ആകെ അധികം നൽകിയത് ₹ |
|---|---|---|---|---|---|
| പർലിൻ | 404കി.ഗ്രാം X ₹176 = 71105.40 | 404കി.ഗ്രാം X ₹159 = 64236 | ₹6869.40 | 1236.49 | ₹8105.89 ₹8106 |
| സ്റ്റെയർ കേസ് | 385.30കി.ഗ്രാം X ₹176 = 67812.80 | 385.30കി.ഗ്രാം X ₹169.76 = 65408.52 | ₹2404.27 | ₹432.76 | ₹2837 |
| ആകെ അധികം നൽകിയത് | | | | | ₹10943/- 18%ജി.എസ്.ടി 1969.74 ആകെ ₹12913/- |

11.07.2023 ൽ എൽ.എസ്.ജി.ഡി ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥലം പരിശോധന നടത്തുകയും പ്രസ്തുത വിവരം അസി. എഞ്ചിനീയറെ അറിയിക്കുകയും ചെയ്തെങ്കിലും (ഓഡിറ്റ് എൻക്വയറി നം.5/11.7.2023) മറുപടി ലഭിച്ചില്ല. നഷ്ട തുക ₹12913/-ബന്ധപ്പെട്ട കരാറുകാരനിൽ നിന്ന് ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം പദ്ധതി നടപ്പാക്കിയ അസി.എഞ്ചിനീയർ, ഉപരിപരിശോധന നടത്തിയ അസി.എക്സി.എഞ്ചിനീയർ എന്നിവരുടെ ബാദ്ധ്യതയായി നിർണ്ണയിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

1-16 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല

2022-23 വർഷം ആരംഭിച്ചതും സ്പിൽ ഓവർ പ്രോജക്ടായി ഏറ്റെടുത്തതുമായ താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല / തുടർ വർഷങ്ങളിൽ തുക വകയിരുത്തിയിട്ടുമില്ല.

| ക്രമ നം. | പ്രോജക്ട്/പ്രോജക്ട് നമ്പർ | ചെലവ് തുക | തൻ വർഷം വരെ ചെയ്ത പ്രവൃത്തി | അവശേഷിക്കുന്ന ഘട്ടം |
|---|---|---|---|---|
| 1 | ഈട്ടിച്ചുവട് വട്ടക്കണ്ണിപ്പാറ കുടിവെള്ള പദ്ധതി 210/22-23 | ₹260097/- 22.2.2022 | കുഴൽ കിണർ കുഴിച്ചിട്ടുണ്ട് | വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ |
| 2 | ഭൂതാളപ്പാറ കുടിവെള്ള പദ്ധതി 70/22-23 | ₹1123045/- 27.3.2022 | കിണർ കുഴിച്ചിട്ടുണ്ട് | - ടി - |
| 3 | പുൽമേട് കുടിവെള്ള പദ്ധതി 9/22-23 | ₹200554/- 27.3.2022 | കുഴൽ കിണർ കുഴിച്ചിട്ടുണ്ട് | - ടി - |
| 4 | ജണ്ടാക്കെട്ട് കുടിവെള്ള പദ്ധതി 61,90/22-23 | ₹243745/- 28.03.2022 | കുഴൽ കിണർ കുഴിച്ചിട്ടുണ്ട് | മോട്ടർ സ്ഥാപിച്ചിട്ടില്ല വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. |
| 5 | പോത്തക്കള്ളി കുടിവെള്ള പദ്ധതി 91,103/22-23 | ₹ 121085/- 28.03.2022 | – ടി – | മോട്ടർ സ്ഥാപിച്ചിട്ടില്ല വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ തുക വകയിരുത്തിയിട്ടില്ല. |
| 6 | മാവടി കുടിവെള്ള പദ്ധതി 4/22-23 | ₹65767/- 30.03.2022 | – ടി – | മോട്ടർ സ്ഥാപിച്ചിട്ടില്ല വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ തുക വകയിരുത്തിയിട്ടില്ല. |
| 7 | കൈലാസം കുടിവെള്ള പദ്ധതി 3/22-23 | ₹120711/- 07.03.2022 | – ടി – | - ടി - |
| 8 | കുടിവെള്ള പദ്ധതി 222/21-22 | ₹350000/- 28.03.2022 | കിണർ സ്ഥാപിച്ചിട്ടുണ്ട് | - ടി - |
| 9 | പുളിയൻമല ഇ.എം.എസ്. പൈപ്പ് ലൈൻ വാർഡ്-15 118/21-22 | ₹49816/- 07.03.2022 | കിണർ വൃത്തിയാക്കൽ | - ടി - |
| 10 | ജനപ്രിയ കുടിവെള്ള പദ്ധതി വാർഡ്-15 216/21-22 | ₹200000/- 28.3.2022 | കുഴൽ കിണർ സ്ഥാപിച്ചിട്ടുണ്ട് | - ടി - |
| 11 | കല്ലുകുന്ന് കുടിവെള്ള പദ്ധതി 211/22 | ₹352378/- 28.03.2022 | പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട് | വൈദ്യുതി ലഭ്യമാക്കി വിതരണം നടത്തുക |
| 12 | കാനപ്പള്ളി കുടിവെള്ള പദ്ധതി 225/22 | ₹75000/- 28.03.2022 | കുഴൽകിണർ സ്ഥാപിച്ചിട്ടുണ്ട് | - ടി - |
| 13 | പോലീസ് വളവ് കുടിവെള്ള പദ്ധതി 229/22 | ₹200000/- 20.05.2022 | – ടി – | - ടി - |
| 14 | പാറമട രവിക്കട പടി കുഴൽകിണർ വാർഡ് 16 | ₹302472/- 30.03.2022 | കിണർ സ്ഥാപിച്ചിട്ടുണ്ട് | വൈദ്യുതി ലഭ്യമാക്കി വിതരണം ചെയ്യുവാൻ |

| | | | | |
|---|---|---|---|---|
| | 234/22 | | | |
| 15 | പശുപ്പാറ പടി കുടിവെള്ള പദ്ധതി 267/22 | ₹110000/- 30.03.2022 | കുഴൽ കിണർ സ്ഥാപിച്ചിട്ടുണ്ട് | - ടി - |

പദ്ധതികൾ പൂർത്തീകരിക്കുന്നതിന് തുടർ വർഷത്തിൽ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളത് പൂർത്തീകരിക്കുന്നതിനും ഭാഗികമായി നടപ്പിലാക്കിയതും തുടർവർഷങ്ങളിൽ ഏറ്റെടുക്കാത്തതുമായ പദ്ധതികൾക്കായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതും തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മാവടി ഹോമിയോ ഡിസ്പെൻസറി കെട്ടിടം പൂർത്തീകരണം-അളവു ബുക്കിൽ തെറ്റായ നിരക്കുകൾ രേഖപ്പെടുത്തി അധികം തുക അനുവദിച്ചു നഷ്ടം ₹8789/-

മാവടി ഹോമിയോ ഡിസ്പെൻസറി കെട്ടിടം പൂർത്തീകരണത്തിനായി തയ്യാറാക്കിയ പദ്ധതിയിൽ 6.mm സിമന്റ് പ്ലാസ്റ്ററിംഗ് എന്ന പ്രവൃത്തിക്ക് അനുവദനീയമായതിലും ഉയർന്ന നിരക്ക് രേഖപ്പെടുത്തി ബിൽ തയ്യാറാക്കിയതുമൂലം ₹8789/- കരാറുകാരന് അധികം നൽകി. ഈ പ്രവൃത്തിയിലെ അപാകത സംബന്ധിച്ച വിശദവിവരങ്ങൾ ഈ റിപ്പോർട്ടിൽ ഖണ്ഡിക 1-14 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഖണ്ഡിക 1-14 ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും. ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4-9(ബി)- യിൽ പേര് പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥർ പ്രസ്തുത നഷ്ടത്തിന് ഉത്തരവാദികളാണ്. പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്ന് നഷ്ടമായ തുക ഈടാക്കേണ്ടതാണ്.

### 3-2 അങ്കണവാടികളുടെ അറ്റകുറ്റപ്പണി-അധികം തുക നൽകി-നഷ്ടം ₹12,913/-

അങ്കണവാടികളിൽ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി തയ്യാറാക്കിയ പദ്ധതിയിൽ Steel Work For Single Section പ്രവൃത്തിക്കും, Providing And Fixing Hand Rail To Steel Ladder Railing പ്രവൃത്തിക്കും നൽകേണ്ട നിരക്കിലും ഉയർന്ന നിരക്കുള്ള Steel Work In Built Up Tubular Trusses എന്ന പ്രവൃത്തിയുടെ നിരക്ക് നൽകിയതുമൂലം ₹12913/- കരാറുകാരന് അധികം നൽകി. ഈ പ്രവൃത്തിയിലെ അപാകത സംബന്ധിച്ച വിശദവിവരങ്ങൾ ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-15 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഖണ്ഡിക 1-15 ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും. ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4-9 (ബി)- യിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥർ പ്രസ്തുത നഷ്ടത്തിന് ഉത്തരവാദികളാണ്. പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്ന് നഷ്ടമായ തുക ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| നെടുങ്കണ്ടംബ്ലോക്ക് പഞ്ചായത്ത് | 2022-23 | 460000 | ലൈഫ് ഭവനപദ്ധതി-ജനറൽ (189/23) | 460000 | 0 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2022-23 | 40000 | ലൈഫ് ഭവനപദ്ധതി-ജനറൽ (189/23) | 40000 | 0 |
| നെടുങ്കണ്ടംബ്ലോക്ക് പഞ്ചായത്ത് | 2022-23 | 211600 | ലൈഫ് ഭവനപദ്ധതി-പട്ടികവർഗ്ഗം (204/23) | 211600 | 0 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2022-23 | 286200 | ലൈഫ് ഭവനപദ്ധതി-പട്ടികവർഗ്ഗം (204/23) | 286200 | 0 |
| നെടുങ്കണ്ടംബ്ലോക്ക് പഞ്ചായത്ത് | 2022-23 | 240000 | ലൈഫ് ഭവനപദ്ധതി-പട്ടികജാതി (259/23) | 240000 | 0 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2022-23 | 960000 | ലൈഫ് ഭവനപദ്ധതി-പട്ടികജാതി (259/23) | 960000 | 0 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2022-23 | 400000 | സുവർണ്ണഭവനം (254/23) | 400000 | 0 |
| നെടുങ്കണ്ടംബ്ലോക്ക് പഞ്ചായത്ത് | 2022-23 | 80000 | ലൈഫ് ഭവനപദ്ധതി-ജനറൽ (24/23) | 80000 | 0 |

| | | | | | |
|---|---|---|---|---|---|
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2022-23 | 250000 | ലൈഫ് ഭവനപദ്ധതി-ജനറൽ (24/23) | 250000 | 0 |
| നെടുങ്കണ്ടംബ്ലോക്ക് പഞ്ചായത്ത് | 2022-23 | 880000 | ലൈഫ് ഭവനപദ്ധതി-ഡിപ്പാർട്ട്മെന്റ് അഡീഷണൽ | 880000 | 0 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2022-23 | 164000 | ലൈഫ് ഭവനപദ്ധതി-ഡിപ്പാർട്ട്മെന്റ് അഡീഷണൽ | 164000 | 0 |
| നെടുങ്കണ്ടംബ്ലോക്ക് പഞ്ചായത്ത് | 2022-23 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (20/23) | 200000 | 0 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2022-23 | 80000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (20/23) | 80000 | 0 |
| നെടുങ്കണ്ടംബ്ലോക്ക് പഞ്ചായത്ത് | 2022-23 | 28333 | അതിദാരിദ്ര്യ മൈക്രോപ്ലാൻ (250/23) | 28333 | 0 |
| നെടുങ്കണ്ടംബ്ലോക്ക് പഞ്ചായത്ത് | 2022-23 | 499703 | ഭൂതാളപ്പാറ കുടിവെള്ളപദ്ധതി (93/23) | 499703 | 0 |
| നെടുങ്കണ്ടംബ്ലോക്ക് പഞ്ചായത്ത് | 2022-23 | 116096 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (107/23) | 116096 | 0 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2022-23 | 173524 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (107/23) | 173524 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ തീയതി | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ, (നിലാവ് പദ്ധതി) കെ.എസ്.ഇ.ബി.-ക്ക് തുക നൽകൽ (36/23) | XVFC/2022-23/P/15 27-7-2022 | 582448/- | 0 | 582448/- |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

– ഇല്ല –

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ജവഹർ ഭവനനിർമ്മാണ പദ്ധതി വായ്പ തിരിച്ചടവ്, ലൈഫ് മിഷൻ ഭവനനിർമ്മാണം വായ്പ തിരിച്ചടവ് എന്നിവയ്ക്കുവേണ്ടി പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതികളിലൂടെ ലഭ്യമാക്കിയ വായ്പയുടെ വിവരം, തുക തിരിച്ചടച്ച വിവരം, തിരിച്ചടക്കാൻ ബാക്കിയുള്ള മുതൽ, പലിശ ഇനങ്ങളിലുള്ളതുകയുടെ വിവരം ചേർത്ത് വായ്പരജിസ്റ്റർ കാലികമാക്കിയിട്ടില്ല. തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 11.11.2015 ലെ 300591/ഡി.ബി1/15/തസ്വഭവ അനുമതിപത്രം പ്രകാരം ജവഹർഭവനപദ്ധതി നടത്തിപ്പിനായി ഇടുക്കി ജില്ലാസഹകരണ ബാങ്കിൽ നിന്നും ₹10800000/- 11% പലിശനിരക്കിൽ വായ്പയെടുക്കുന്നതിന് അനുമതി ലഭിച്ചിരുന്നു. ലഭ്യമായ ബാങ്ക് രേഖകൾപ്രകാരം സ്വീകരിച്ച വായ്പ ₹9000000/-ആണ്. തൻവർഷം മുതൽ ഇനത്തിൽ ₹1080000/- ഒടുക്കിയിട്ടുണ്ട്. 31-3-2023-ലെ കണക്കുകൾ പ്രകാരം മുതൽ ഇനത്തിൽ ₹1440000/- ഒടുക്കുവാൻ അവശേഷിക്കുന്നു. പലിശയിനത്തിൽ ഓഡിറ്റ് വർഷം തുക ഒടുക്കിയിട്ടില്ല. ബാങ്ക് കണക്കുകൾ പ്രകാരം 31.03.2023 ലെ പലിശ ബാധ്യത ₹212202/-ആണ്.

നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ സമർപ്പിച്ചിട്ടുള്ള കണക്കുകൾ പ്രകാരം ഓഡിറ്റ് വർഷം ലൈഫ് മിഷൻ വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നം, തീയതി | തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണം കെ.യു.ആർ. ഡി.എഫ്.സി | സ.ഉ.(സാ). നം.110/2018 തീ.13.08.2018 | 74456000 | 72936000 | 6441085 | 0 | 664949115 |

### 4-5 സ്ഥിര നിക്ഷേപം

– ഇല്ല –

### 4-6 ഓഡിറ്റ് റിക്കവറി

– ഇല്ല –

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-5 | 2006-07 | 3.35.1 | നിക്ഷേപ വേലകൾ പൂർത്തിയാക്കിയിട്ടില്ല | തീർപ്പാക്കിയിട്ടില്ല |
| 2002-03 | 3-7 | 2006-07 | 3-35.2 | വൗച്ചറുകളും രേഖകളും ഹാജരാക്കിയില്ല | തീർപ്പാക്കിയിട്ടില്ല |
| 2002-03 | 2-2 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്റർ എഴുതുന്നില്ല | തീർപ്പാക്കിയിട്ടില്ല |
| 2004-05 | 3-7 | 2008-09 | 3.7.2 | ആശ്രയ ഭവന പദ്ധതി രേഖകളും രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല | തീർപ്പാക്കിയിട്ടില്ല |
| 2004-05 | 3-8 | 2008-09 | 3.5.7 | കമ്പ്യൂട്ടർ പരിശീലന പദ്ധതി ധന ദുർവിനിയോഗം | തീർപ്പാക്കിയിട്ടില്ല |
| 2006-07 | 3-4 | 2010-11 | 2.14 | നിക്ഷേപ വേലകൾ പൂർത്തിയാക്കിയിട്ടില്ല | തീർപ്പാക്കിയിട്ടില്ല |
| - | - | 2012-13 | 2-6 | ലൈബ്രറികളുടെയും സാംസ്കാരിക നിലയങ്ങളുടെയും നടത്തിപ്പ് - ലഘു അവലോകനം | തീർപ്പാക്കിയിട്ടില്ല |
| - | - | 2015-16 | 4.1.5 | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് സമ്പ്രദായം | തീർപ്പാക്കിയിട്ടില്ല |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടികൾ വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ? | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാര ങ്ങളിൽ/ | | ആകെ ലഭിച്ച തുക ₹ | അവ ശേഷി ക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക | | | | (ഉൾ പ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| - ഇല്ല - | | | | | | | | | | | | | |

ബി) സർചാർജ്ജ് നടപടികൾ വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക ₹ | അവ ശേഷി ക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 2006-07 | ഖ 3(1) | എം. കെ. ചെല്ലപ്പൻ ചൈതന്യ, താമരക്കുളം | LF-1365/ Spl.cell/ Csc/ C1/2011 Dt.18/10/13 | 93952 | | (*)ഇല്ല | 85750 | | | 85750 | 8202 | |
| 2 | 1997-98 | ഖ.29(1), (2), 30(1), 30(2), 31,32, 33,38 | ധർമ്മപാലൻ സെക്രട്ടറി | Lf-5680/ Spl.cell/ Sc2/01 Dt.18/05/01 | 5386 | നം.20/ 49950/ 4/12/2002 ₹280/-, 22/49950 ₹323/-, 68/82007/ 17/11/2007 ₹1,300/-, 68/82007 17/11/07 ₹233/-, 21/49950 ₹217/-, 68/82025 17/11/08 ₹510/- | -- | | | | 2863 | ഇല്ല | |
| 3 | 1998-99 | ഖ. 22, 31 | വി. ബാലകൃഷ്ണ റാവു, സെക്രട്ടറി | LF-9386/ SC2/02 Dt. 07/01/03 | 5455 | | (*)ഇല്ല | | | | | 5455 | |
| 4 | 1999-00 | ഖ.27(1), (2), (3) | പി. ജോൺസ് | LF1-6201/03 Dt.05/02/05 | 21500 | | (*)ഇല്ല | | | | | 21500 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 5 | 1997-98 | ഖ. 27, 28 | ധർമ്മപാലൻ, സെക്രട്ടറി | Lf 5680/ Spl.cell/ Sc2/2001 Dt.03/09/02 | 2419 | 2419 Re.no68/ 82007 Dt. 17/11/07 | -- | | | | 2419 | ഇല്ല | |

(*) പ്രസ്തുത തുകകൾ ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ് | ₹12331671 |
| തൻവർഷ വരവ് | ₹34430952 |
| ഒട്ടാകെ | ₹46762623 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹37975365 |
| ഓഡിറ്റ് വർഷത്തെ നീക്കിയിരിപ്പ് | ₹8787258 |
| (കുറിപ്പ്: പഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്) | |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹21702 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 00 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്).

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 3-1 | - | 8789 | 4395 | അജിത പി. കുമാരൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | | 4394 | ഷൈജു വി. , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | - | 12913 | 6457 | അജിത പി. കുമാരൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | | 6456 | ഷൈജു വി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അജിത പി. കുമാരൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് | സായിസദനം, എൻ.ആർ. സിറ്റി, രാജക്കാട് പി.ഒ., ഇടുക്കി |
| ശ്രീ. ഷൈജു വി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | ഷൈജു സദനം, രാജക്കാട് പി.ഒ. രജാക്കാട്, ഇടുക്കി |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(1996-97) (അദാലത്ത് )/ 2022/29.09.2022 | 4 | 31, 32, 38(1), 38(2) |
| 1997-98 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(1997-98) (അദാലത്ത് )/2022/29.09.2022 | 1 | 32 |

| | | | |
|---|---|---|---|
| 1998-99 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(1998-99) (അദാലത്ത് )/2022/29.09.2022 | 6 | 2-22, 2-25(A), 2-25(B), 3-31, 3-38 |
| 1999-2000 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(1999-2000) (അദാലത്ത് )/2022/29.09.2022 | 3 | 2-27(1, 2, 3) |
| 2006-07 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2006-07) (അദാലത്ത് )/2022/29.09.2022 | 2 | 3-1, 3-4 |
| 2007-08 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2007-08) (അദാലത്ത് )/ 2022/29.09.2022 | 3 | 3-6, 3-7, 3-8 |
| 2008-09 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2008-09) (അദാലത്ത് )/2022/29.09.2022 | 3 | 3-10, 3-15, 3-16 |
| 2009-10 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2009-10) (അദാലത്ത് )/2022/29.09.2022 | 1 | 3-6 |
| 2010-11 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2010-11) (അദാലത്ത് )/2022/29.09.2022 | 3 | 3-2, 3-3, 3-8 |
| 2011-12 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2011-12) (അദാലത്ത് )/2022/29.09.2022 | 8 | 3-1, 3-3, 3-5, 3-6, 3-14, 3-15, 3-20, 3-22 |
| 2012-13 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2012-13) (അദാലത്ത് )/2022/29.09.2022 | 1 | 3-1 |
| 2013-14 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2013-14) (അദാലത്ത് )/2022/29.09.2022 | 1 | 3-7 |
| 2014-15 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2014-15) (അദാലത്ത് )/2022/29.09.2022 | 2 | 3-1, 3-6 |
| 2015-16 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2015-16) (അദാലത്ത് )/2022/29.09.2022 | 8 | 2-1, 2-6, 3-2, 3-3, 3-4, 3-6, 3-7 |
| 2016-17 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2016-17) (അദാലത്ത് )/2022/29.09.2022 | 1 | 3-1 |
| 2017-18 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2017-18) (അദാലത്ത് )/2022/29.09.2022 | 5 | 1-12, 2-2, 3-2, 3-3, 3-11 |
| 2018-19 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2018-19) (അദാലത്ത് )/2022/29.09.2022 | 8 | 1-14, 1-32, 1-35, 1-36, 1-37, 1-38, 3-1 (1-20) |
| 2019-20 | കെ.എസ്.എ.-ഐ.ഡി.കെ-പി12/638 /2022/21.06.2022 | 14 | 1-3-3, 1-18, 1-21, 1-22, 1-24, 1-25, 1-26, 3-1,3-2, 3-3, 3-4,3-5, 3-6, 3-7 |
| 2020-21 | കെ.എസ്.എ.-ഐ.ഡി.കെ-പി6/1455(2020-21) (അദാലത്ത് )/2022/29.09.2022 | 13 | 1-20, 1-21, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30,1-31, 3-2, 3-3 |
| 2021-22 | കെ.എസ്.എ.-ഐ.ഡി.കെ-പി6-1726/2022/തീ. 12.01.2023 | 39 | ഖണ്ഡിക 1-1 മുതൽ 1-26 വരെ3-1, 3-2, 4-1 മുതൽ 4-11 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 26-06-2023 and submitted on 27-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Udumbanchola Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Udumbanchola Grama Panchayat for the year 2022-2023

Date: 31/10/2023

Deputy Director
District Office Idukki
Kerala State Audit Department

**Audit Report appended to the Audit Certificate of Udumbanchola Grama Panchayat for the Year 2022-2023.**

**1.Major Observations**

--

**2.Other Observations**

1) Registers, viz., deposit register etc., are not maintained and or does not match with accounts.

2) Lack of authenticated journal vouchers for supporting the adjustment entries recorded.

3) Grant liability amount shown as liability in Balance Sheet does not match with Bank accounts opened for the specified grant account.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്